(ഡി) മഞ്ചേരി സ്റ്റേഷനിൽ 1999-2000 വർഷങ്ങളിൽ 3 പ്രതികളെയും അരീക്കോട് 99-ൽ ഒരാളെയും കോണ്ടോട്ടിയിൽ 99-ൽ 8 പേരെയും കോടതി ശിക്ഷിച്ചിട്ടുണ്ട്. അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷനുകളിൽ 2000 വർഷത്തിൽ പ്രതികളിൽ ആരേയും ശിക്ഷിച്ചിട്ടില്ല.

89 (107) നിഷാദിനെ മർദ്ദിച്ച സംഭവം

ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമേൽ എൻ.എസ്.എസ്. കോളേജ് യൂണിയൻ സെക്രട്ടറിയും മൂന്നാം വർഷ ചരിത്ര വിദ്യാർത്ഥിയുമായ നിഷാദ് കോളേജ് യൂണിയൻ ഉദ്ഘാടനത്തിനുവേണ്ടി പ്രമുഖരെ ക്ഷണിക്കുന്നതിനായി 2000 നവംബർ 10ന് തിരുവനന്തപുരത്ത് എത്തുകയുണ്ടായോ;

(ബി) നിഷാദിനോടൊപ്പം ആരെല്ലാമുണ്ടായിരുന്നു;

(സി) നിഷാദിനെ യൂണിവേഴ്സിറ്റി കോളേജിനുള്ളിൽ വച്ച് എസ്. എഫ്.ഐ. ക്കാർ ക്രൂരമായി മർദ്ദിക്കുകയും പുറത്ത് എസ്.എഫ്.ഐ. എന്ന് മാരകായുധങ്ങളുപയോഗിച്ച് വരയ്ക്കുകയും ചെയ്തുവോ;

(ഡി) ഇപ്രകാരം അക്രമം കാട്ടിയവർ ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ;

(ഇ) നിഷാദിനെ മർദ്ദിച്ച സംഭവത്തിൽ നിഷാദിനോടൊപ്പം തിരുവനന്തപുരത്ത് എത്തിയവരുടെ പങ്കെന്താണ്;

(എഫ്) അവർ ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെടുന്നവരാണ്;

(ജി) നിഷാദ് ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെടുന്നു;

(എച്ച്) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഐ) കേസിലെ പ്രതികൾ തങ്ങളുടെ മേൽവിലാസം തെറ്റിച്ചാണോ പോലീസിന് നൽകിയിട്ടുള്ളത്;

(ജെ) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ത്;

(കെ) ഈ പ്രതികളുടെ പേരിൽ അധികൃതർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എത്തുകയുണ്ടായി.

(ബി) നിഷാദിനോടൊപ്പം രാജേഷ്, ജയൻ, ആശിഷ് എന്നിവരുണ്ടായിരുന്നു.

(സി....കെ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നിഷാദ് ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ക്രൈം 203/2000 നമ്പരായി തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട 13 പ്രതികളിൽ 8 പേരെ പോലീസ് അറസ്റ്റുചെയ്തു. അറസ്റ്റ് ചെയ്തവരിൽ 4 പേർ തെറ്റായ മേൽവിലാസം നൽകിയിരുന്നു. കേസ് അന്വേഷണം നടന്നുവരുന്നു. അന്വേഷണം ത്വരിതപ്പെടുത്താൻ തിരുവനന്തപുരം സിറ്റി കമ്മിഷണർക്ക് നിർദ്ദേശം നൽകി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. മർദ്ദനമേറ്റ നിഷാദ് കെ.എസ്.യു. പ്രവർത്തകനാണെന്നും പ്രതികളെ ഈ സംഭവത്തെ തുടർന്ന് എസ്.എഫ്.ഐ. യിൽ നിന്നും പുറത്താക്കപ്പെട്ടിട്ടുണ്ടെന്നും അറിയുന്നു.

90 (108) സതീശന്റെ മരണത്തെ സംബന്ധിച്ച് പോലീസ് നടപടി

ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാടിനടുത്ത് പള്ളിപ്പാട്ട് സതീശന്റെ മരണത്തിൽ പോലീസ് എടുത്തിട്ടുള്ള കേസ്സുകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കേസ്സുകളിലെ പ്രതികളുടെ പേരുവിവരങ്ങൾ നൽകുമോ;

(സി) ഇതിൽ വ്യാജമദ്യകച്ചവടക്കാരനായ മോഹൻ എന്നയാൾ പ്രതിയാണോ; എങ്കിൽ അയാളുടെ പേരിലുള്ള ചാർജ്ജുകൾ എന്താണ്;

(ഡി) മോഹനന്റെ പേരിൽ വ്യാജമദ്യവുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ് കേസ്സുകളുടെ വിവരങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള ക്രിമിനൽ കേസ്സുകളിൽ ജാമ്യം എടുക്കാൻ വക്കാലത്ത് നൽകിയിട്ടുള്ള അഭിഭാഷകരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഈ അഭിഭാഷകരിൽ സതീശന്റെ മരണത്തിനെതിരെ സമരം നടത്തിക്കൊണ്ടിരിക്കുന്ന കോൺഗ്രസ് ഐ.യുടെ പ്രവർത്തകർ ആരെങ്കിലും ഉണ്ടോ; എങ്കിൽ പേരു വിവരം വെളിപ്പെടുത്തുമോ;

(ജി) സതീശന്റെ മരണം സംബന്ധിച്ച കേസ് കേരളാ പോലീസ് കാര്യക്ഷമമായി നടത്തുന്നുണ്ടോ;

(എച്ച്) ഇതുമായി ബന്ധപ്പെട്ട് പോലീസുകാരുടെ പേരിൽ എടുത്തിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 307/99 സെക്ഷൻ 304 പാർട്ട്-2 ആർ/ഡബ്ള്യൂ സെക്ഷൻ 34 ഐ.പി.സി. പ്രകാരമുള്ള കേസിന്റെ അന്വേഷണം 28.2.2000-ൽ കൊല്ലം ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗൺസിൽ കേരള ഹൈക്കോടതി മുമ്പാകെ ഒ.പി. സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ നാളിതുവരെയുള്ള അന്വേഷണവിവരങ്ങൾ 4.12.2000 ൽ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും തുടർന്നുള്ള നടപടിക്ക് കോടതിയുടെ നിർദ്ദേശം കാത്തിരിക്കുകയുമാണ്.

(ബി) പള്ളിപ്പാട് വില്ലേജിൽ ഷാജിയും രാമചന്ദ്രനും.

(സി) അല്ല.

(ഡി) ഹരിപ്പാട് സ്റ്റേഷനിൽ ക്രൈം 281/99 യു/എസ് 55(എ) ഓഫ് അബ്കാരി ആക്റ്റ് എന്ന കേസ്സിൽ മോഹനൻ പ്രതിയാണ്..

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly